# 2010

കേരളാ
അസ്സോസിയേഷൻ ഓഫ്
വാഷിങ്ടൻ

സന്തോഷ് പിള്ള

## Kerala Association of Washington

# [2010-ലെ വാർഷിക പ്രവർത്തന റിപ്പോർട്ട്]

2011 ഫെബ്രുവരി 19-നു് ജനറൽ ബോഡി മുമ്പാകെ സെക്രട്ടറി സന്തോഷ് പിള്ള സമർപ്പിച്ച കേരളാ അസ്സോസിയേഷന്റെ 2010-ലെ വാർഷിക പ്രവർത്തന റിപ്പോർട്ട്.

# കേരളാ അസ്സോസിയേഷൻ ഓഫ് വാഷിങ്ടൻ
# എക്സിക്യൂട്ടീവ് കമ്മിറ്റി 2010
# വാർഷിക പ്രവർത്തന റിപ്പോർട്ട്

പ്രിയപ്പെട്ട കേരളാ അസ്സോസിയേഷൻ അംഗങ്ങളേ,

കേരളാ അസ്സോസിയേഷൻ അംഗങ്ങൾ ആഹ്ളാദത്തോടുകൂടി സ്വാഗതം ചെയ്ത അനേകം പ്രവർത്തനങ്ങൾ നടപ്പിലാക്കിയ ചാരിതാർത്ഥ്യത്തോടെയാണു് ഞങ്ങൾ—2010-ലെ എക്സിക്യൂട്ടീവ് കമ്മിറ്റി—പടിയിറങ്ങുന്നതു്. കഴിഞ്ഞ ഏതാനും വർഷങ്ങളായി കണ്ടുവരുന്നതു പോലെ, പ്രവർത്തനങ്ങളുടേയും പരിപാടികളുടേയും നിലവാരം പൂർവ്വാധികം ഉയർത്തുവാൻ 2010-ലും കഴിഞ്ഞിട്ടുണ്ടെന്നു് ഈ റിപ്പോർട്ടിൽ നിന്നും വ്യക്തമാവും. ഇക്കഴിഞ്ഞ വർഷത്തെ ഞങ്ങളുടെ പ്രവർത്തനവിജയത്തിനു് നിസ്സീമമായ സഹകരണങ്ങൾ നൽകിയ എല്ലാവരോടും ഒരിക്കൽകൂടി നന്ദി അറിയിക്കുന്നു.

എവർക്കുമറിയാവുന്നതു പോലെ, 2010-ൽ എക്സിക്യൂട്ടീവ് കമ്മിറ്റിയെ നയിച്ചതു് സമ്മതനും സ്വീകാര്യനുമായ സന്തോഷ് നായർ ആണു്. വർഷങ്ങളായി അസ്സോസിയേഷന്റെ നേതൃനിരയിലുള്ള അദ്ദേഹം, പ്രസിഡന്റ് എന്ന നിലയിൽ ഈ വർഷത്തെ പ്രവർത്തനങ്ങളുടെ ആസൂത്രണത്തിലും നിർവ്വർത്തനത്തിലും ആദ്യന്തം വ്യാപൃതനായിരുന്നു. വൈസ് പ്രസിഡന്റായ പ്രകാശ് മേനോൻ, ഓണം, ക്രിസ്മസ് എന്നിവയോടനുബന്ധിച്ചു നടന്ന കലാപരിപാടികളുടെ നടത്തിപ്പിന്റെ ചുമതലയ്ക്കു പുറമേ, ലഘുലേഖാ (ബ്രോഷർ) നിർമ്മാണത്തിൽ സഹായിക്കുകയും അസ്സോസിയേഷന്റെ പ്രധാന വരുമാനമാർഗ്ഗമായ പരസ്യശേഖരണത്തിൽ അസാമാന്യമായ സംഭാവനകൾ നൽകുകയും ചെയ്തു. ജോയിന്റ് സെക്രട്ടറി ബോണി മാത്യു, 2010-ൽ നടത്തിയ എല്ലാ കായികപരിപാടികളുടേയും പൂർത്തീകരണത്തിന്റെ അമരക്കാരനായിരുന്നു. അസ്സോസിയേഷൻ സംഘടിപ്പിച്ച പരിപാടികളുടെയെല്ലാം ഭക്ഷണകാര്യാദികൾ കൈകാര്യം ചെയ്യുക, ലഘുലേഖാ നിർമ്മാണവും അച്ചടിയും നടത്തുക, സിനിമാ പ്രദർശനങ്ങൾ ഏകോപിപ്പിക്കുക എന്നിവയ്ക്കു പുറമേ, അസ്സോസിയേഷന്റെ 2010-ലെ ധനകാര്യ ഇടപാടുകൾ കാര്യക്ഷമമായി കൈകാര്യം ചെയ്യുക എന്ന ഭാരിച്ച ചുമതലയും ട്രഷറർ ആഷ്‌ലി ഇലഞ്ഞിക്കൽ സുഭദ്രമായി നിർവ്വഹിച്ചു. വിവധ പരിപാടികൾ സംഘടിപ്പിക്കുന്നതിനുള്ള രൂപരേഖാ നിർമ്മാണത്തിലും സംസ്ഥാപനത്തിലും, സെക്രട്ടറി എന്ന നിലയിൽ, ഞാനും എന്നാലാവുന്ന എളിയ സംഭാവനകൾ നൽകിയിട്ടുണ്ടു്.

മദേഴ്സ് ഡേ, ഓണം, സ്റ്റേജ് ഷോ, ക്രിസ്മസ് എന്നീ കലാപരിപാടികളും, പിക്നിക്, കായികമത്സരങ്ങൾ, സിനിമാപ്രദർശനം ആദിയായവയും കുറ്റമെന്യേ സജ്ജീകരിക്കുന്നതിലും വിജയകരമായി സംഘടിപ്പിക്കുന്നതിലും, പരസ്യശേഖരണം, റ്റിക്കറ്റുവിതരണം, എന്നിങ്ങനെയുള്ള വിവിധ മേഖലകളിലെ പ്രവർത്തനങ്ങളിലും എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളായ പ്രദീപ് ഉണ്ണി, സുരേഷ് ചെല്ലപ്പൻ, സെബാസ്റ്റ്യൻ വിതയത്തിൽ, സുചിത്ര ദീപേഷ്, പ്രതിഭാ മോഹൻ നായർ, പ്രദീപ് ചെല്ലപ്പൻ, സുരേഷ് ഗൊരാഫി, നീത ഡാനിയൽ, തുഷാര ജോൺ, എക്സ് ഒഫിഷ്യോ ജോർജ്ജ് ഡാനിയൽ എന്നിവർ ഒറ്റയ്ക്കും കൂട്ടായും നിസ്സീമമായ പങ്കുവഹിച്ചിട്ടുണ്ടു്.

2010 ഏപ്രിൽ 29-നു് എക്സിക്യൂട്ടീവ് കമ്മിറ്റി അംഗത്വം രാജി വച്ചു് ഇന്ത്യയിലേയ്ക്കു് താമസം മാറിപ്പോകുന്നതുവരെ കമ്മിറ്റിയിൽ സജീവാംഗമായിരുന്നു ദിനേഷ് നമ്പ്യാർ. അതുവരെയുള്ള കമ്മിറ്റി മീറ്റിംഗുകളിലും ചർച്ചകളിലും പങ്കെടുത്തു് പരിപാടികളുടെ പരിഗണനാവേളയിൽ ദിനേഷ് നൽകിയ സംഭാവനകൾ വിസ്മരിക്കാവുന്നതല്ല. ദിനേഷിന്റെ ഒഴിവിലേയ്ക്കാണു് എക്സിക്യൂട്ടീവ് കമ്മിറ്റി ജൂൺ 22-നു് പ്രതിഭാ മോഹൻ നായരെ ഐകകണ്ഠ്യേന നാമനിർദ്ദേശം ചെയ്തതു്.

കേരളാ അസ്സോസിയേഷന്റെ എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ അവതരിപ്പിച്ചു് പാസ്സാക്കിയ 2010-ലെ കേരളാ അസ്സോസിയേഷന്റെ വാർഷിക പ്രവർത്തന റിപ്പോർട്ട് അംഗങ്ങൾക്കു മുമ്പാകെ സമർപ്പിക്കാൻ എനിക്കു് അതിയായ സന്തോഷമുണ്ടു്. ഈ റിപ്പോർട്ടിൽ ഏതെങ്കിലും വിധത്തിലുള്ള പോരായ്മകൾ കടന്നുകൂടിയിട്ടുണ്ടെങ്കിൽ അതിനുത്തരവാദിത്തം എന്റേതു മാത്രമാണെന്നും അവ മനഃപൂർവ്വമല്ലാതെ വന്നുപോയതാവാമെന്നു് ഓർമ്മിപ്പിക്കുകയും, "വൻപിഴയാകിലുമൊന്നു പൊറുക്കേണ"മെന്നു് ബഹുമാന്യരായ അംഗങ്ങളോടു് അഭ്യർത്ഥിക്കുകയും ചെയ്യുന്നു.

## മദേഴ്സ് ഡേ

മെയ് 16-നു മർത്തോമാ പള്ളിയിൽ വച്ചു് സംഘടിപ്പിച്ച മദേഴ്സ് ഡേ ആഘോഷമായിരുന്നു അസ്സോസിയേഷൻ 2010-ൽ നടത്തിയ ആദ്യപരിപാടി. മദേഴ്സ് ഡേ പരിപാടികളുടെ ആസൂത്രണം നിർവ്വഹിച്ചതു് സുചിത്ര ദീപേഷ്, നീത ഡാനിയൽ, തുഷാര ജോൺ എന്നിവർ ചേർന്നാണു്. ഏകദേശം നൂറോളം അംഗങ്ങൾ മുതിർന്നവർക്കും (പ്രത്യേകിച്ചു് വനിതകൾക്കു്) കുട്ടികൾക്കുമുള്ള വിവിധയിനം മത്സരങ്ങളിൽ പങ്കെടുത്തു. ഇരുപത്തൊന്നു് പേർ പങ്കെടുത്ത പാചകമത്സരം ഏറെ ശ്രദ്ധയാകർഷിച്ചു. നാലു വിഭാഗങ്ങളിൽ നടന്ന മത്സരങ്ങളിൽ ഷെറിലിൻ മാമ്മൻ, ഫെമി ജോജോ, ദീപാ തോമസ്, അനു നിതിൻ എന്നിവർ വിജയം നേടി. വിജയികൾക്കു് ഇരുനൂറു് ഡോളറിന്റെ ഗിഫ്റ്റു കാർഡുകൾ സമ്മാനമായി നൽകി. ചേരുവ നിർണ്ണയമത്സരത്തിൽ (Guess the Ingredients) മധു കങ്ങര; നിറം കൊടുക്കലിൽ (Coloring) ലിസ ഇലഞ്ഞിക്കൽ, അനിത ഡാനിയൽ, ജോൺ നീൽജു; പ്രച്ഛന്ന വേഷത്തിൽ (Fancy Dress) നന്ദന മേനോൻ, ഗായത്രി നായർ; കുട്ടികൾക്കും മുതിർന്നവർക്കുമുള്ള ഒരു നിമിഷം മാത്രം (Just-a-Minute) മത്സരത്തിൽ രഞ്ജിനി പ്രകാശ്, രവിശങ്കർ മധു എന്നിവർ വിജയം വരിച്ചു. വിജയികൾക്കു് ഗിഫ്റ്റ് കാർഡുകൾ സമ്മാനമായി നൽകി. അത്യന്തം ആവേശകമായ സിനിമാ ക്വിസ് മൽസരത്തോടുകൂടിയാണു് മദേഴ്സ് ഡേ പരിപാടികൾ സമാപിച്ചതു്. പ്രമോദ് രാമകൃഷ്ണനും ധന്യയുമാണു് സിനിമാ ക്വിസ് വിജയികളായതു്. വിജയികൾക്കു് സ്റ്റേജ് ഷോ, സിനിമാപ്രദർശനം എന്നിവയുടെ റ്റിക്കറ്റുകൾ സമ്മാനമായി നൽകി.

## സിനിമാപ്രദർശനം

2010 മേയ് 22 മുതൽ 2011 ജനുവരി 29 വരെ അസ്സോസിയേഷൻ; ഇൻ ഗോസ്റ്റ് ഹൗസ് ഇൻ (മേയ് 22), പാപ്പി അപ്പച്ച (ജൂൺ 19), പോക്കിരി രാജ (ജൂലൈ 17), ഒരു നാൾ വരും (സെപ്റ്റംബർ 11), എൽസമ്മ എന്ന ആൺകുട്ടി (ജനുവരി 8), പ്രാഞ്ചിയേട്ടൻ ആൻഡ് ദ സെയ്ന്റ് (ജനുവരി 29) എന്നീ ആറു സിനിമാപ്രദർശനങ്ങൾ നടത്തുകയുണ്ടായി. വർഷത്തിൽ ആറു സിനിമയെന്നതു് പതിവിലും കുറഞ്ഞ സംഖ്യയാണെങ്കിലും പുതിയ സിനിമകൾ അപ്പപ്പോൾ ഇന്റർനെറ്റിൽ ലഭ്യമാകുന്നതു് അവ തിയേറ്ററിലെത്തിക്കുന്നതിനു തടസ്സമായി നിന്നു. ആഷ്‌ലി ഇലഞ്ഞിക്കലിനായിരുന്നു ആയിരുന്നു സിനിമാപ്രദർശനത്തിന്റെ ചുമതല. സുരേഷ് ചെല്ലപ്പൻ, ബോണി മാത്യു, പ്രദീപ് ഉണ്ണി എന്നിവർക്കു പുറമേ മറ്റു പല കമ്മിറ്റി അംഗങ്ങളും ആഷ്‌ലിയെ ഇക്കാര്യത്തിൽ സഹായിച്ചു. സിനിമാപ്രദർശനം അസ്സോസിയേഷനു നഷ്ടക്കച്ചവടമാവുമെന്നു വന്നതോടെ, ഇടയ്ക്കുവച്ചു റ്റിക്കറ്റുവില വർദ്ധിപ്പിക്കേണ്ടി വന്നെങ്കിലും സേവനദാതാക്കൾ നൽകിയ പരസ്യവരുമാനത്തിന്റെ സഹായത്താൽ പ്രാഞ്ചിയേട്ടൻ ആൻഡ് ദ സെയ്ന്റ് പൂർണ്ണമായും സൗജന്യമായി നൽകാൻ കമ്മിറ്റിക്കു സാദ്ധ്യമായി.

## കായിക മത്സരങ്ങൾ

കേരളാ അസ്സോസിയേഷൻ സംഘടിപ്പിക്കുന്ന കായിക പരിപാടികളാണു് ഈ അസ്സോസിയേഷനെ മറ്റുള്ള അമേരിക്കൻ മലയാളി സംഘടനകളിൽ നിന്നും വേറിട്ടു നിർത്തുന്നതെന്നു് ഈ വർഷത്തെ സ്പോർട്സ് കമ്മിറ്റി അംഗങ്ങളിലൊരാളായ സുരേഷ് ചെല്ലപ്പൻ അഭിപ്രായപ്പെടുകയുണ്ടായി. ബോണിമാത്യു പ്രധാനകാര്യവാഹിയായിരുന്ന സ്പോർട്സ് കമ്മിറ്റിയിൽ, സുരേഷ് ചെല്ലപ്പനു പുറമേ, പ്രദീപ് ചെല്ലപ്പൻ, സുചിത്ര ദീപേഷ് എന്നിവരും അംഗങ്ങളായിരുന്നു. ഓരോ കായികമത്സരത്തിന്റെ നടത്തിപ്പിലും സ്പോർട്സ് കമ്മിറ്റിയെ സഹായിക്കാൻ മറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളും രംഗത്തുണ്ടായിരുന്നു. ഒട്ടനവധി അസ്സോസിയേഷൻ അംഗങ്ങളും കായിക മത്സരങ്ങൾ സംഘടിപ്പിക്കാൻ സഹായസഹകരണങ്ങൾ നൽകി.

മുൻകാലങ്ങളെ അപേക്ഷിച്ചു് പല പുതിയ പ്രവർത്തനങ്ങളും കായികരംഗത്തു് നടപ്പിലാക്കുവാൻ 2010-ലെ കമ്മിറ്റിക്കു സാധിച്ചു. അസ്സോസിയേഷൻ അംഗങ്ങളിൽ ഏറ്റവും ഊർജ്ജസ്വലമായി കായിക ഇനങ്ങളിൽ പങ്കെടുക്കുകയും വിജയം വരിക്കുകയും ചെയ്ത വ്യക്തിക്കായി 'സ്പോർട്സ് പേഴ്സൺ ഓഫ് ദ ഈയർ' ട്രോഫി തുടങ്ങിവച്ചു. ആദ്യത്തെ സ്പോർട്സ് പേഴ്സൺ ഓഫ് ദ ഈയർ ട്രോഫി സബിത ബ്രിജേഷിനു സമ്മാനിക്കപ്പെട്ടു. അസ്സോസിയേഷൻ സംഘടിപ്പിക്കുന്ന ഫുട്ബോൾ ടൂർണമെന്റിൽ ഏറ്റവും കൂടുതൽ ഗോളടിക്കുന്ന കളിക്കാരനു് ഗോൾഡൻ ബൂട്ട് ട്രോഫി ഏർപ്പെടുത്തി. ജേക്കബ് തോമസ് 2010-ലെ ഗോൾഡൻ ബൂട്ടിനർഹനായി. അസ്സോസിയേഷന്റെ ചരിത്രത്തിലാദ്യമായി കുട്ടികൾക്കുള്ള ഫുട്ബോൾ മത്സരം ആരംഭിച്ചു. അതുപോലെ തന്നെ,

ഫുട്ബോൾ മത്സരങ്ങൾ നിയന്ത്രിക്കാൻ ലീഗ് അംഗീകൃത റഫറിമാരെ നിയോഗിച്ചു. 2010-ൽ ആദ്യമായി, വനിതാ ക്രിക്കറ്റ് മത്സരങ്ങൾ സംഘടിപ്പിക്കപ്പെട്ടു. ദീർഘകാലം അസ്സോസിയേഷൻ അംഗവും ഭാരവാഹിയുമായിരുന്ന, 2010 ഏപ്രിൽ 8-നു് നമ്മെ വിട്ടുപിരിഞ്ഞ, രൂപാ മനോജിന്റെ നാമത്തിൽ കേരളാ അസ്സോസിയേഷൻ വനിതാ ക്രിക്കറ്റ് വിജയികൾക്കായി രൂപാ മെമ്മോറിയൽ ട്രോഫി ഏർപ്പെടുത്തി. കായിക മത്സരങ്ങളിൽ പങ്കെടുത്തു് വിജയിച്ചവർക്കു് പേരുവച്ച വൈയക്തിക ട്രോഫികൾ വിതരണം ചെയ്തു.

ജൂലൈ 24, 31 തീയതികളിൽ നടത്തിയ ക്രിക്കറ്റ് ടൂർണമെന്റോടേയാണു് 2010-ലെ കായിക മത്സരങ്ങൾക്കു് നാന്ദിയായതു്. പുരുഷവിഭാഗത്തിൽ എട്ടു് ടീമുകളാണു് മത്സരരംഗത്തുണ്ടായിരുന്നതു്. പുലിക്കൂട്ടം ടീം ഇത്തവണയും ചാമ്പ്യന്മാരായി. ആദ്യാവസാനം വാശിയേറിയ വനിതാ ക്രിക്കറ്റ് മത്സരത്തിൽ, ചലഞ്ചേഴ്സ് ടീം നടാടെ വനിതാ ട്രോഫി സ്വന്തമാക്കി. ജേക്കബ് തോമസ്, അനിൽ ഷണ്മുഖം, അനുപമാ മേനോൻ എന്നിവർ തങ്ങളുടെ ഉജ്ജ്വല പ്രകടനങ്ങളാൽ പ്രത്യേക പ്രശംസയ്ക്കു് പാത്രീഭവിച്ചു.

ഓഗസ്റ്റ് 15, 20, 21, 28 തീയതികളിൽ വളരെ വിപുലമായി ഫുട്ബോൾ മത്സരങ്ങൾ സംഘടിപ്പിക്കപ്പെട്ടു. നാലു ടീമുകളാണു് ഇത്തവണ മത്സരരംഗത്തുണ്ടായിരുന്നതു്. റൗണ്ട് റോബിൻ മത്സരങ്ങളിൽ മൂന്നിൽ മൂന്നു മത്സരവും ജയിച്ച ചെമ്പടയും മൂന്നിൽ രണ്ടെണ്ണം വിജയിച്ച നരസിംഹവും ഫൈനലിൽ ഏറ്റുമുട്ടി. 2-1 എന്ന സ്കോറിനു് ചെമ്പട വിജയിച്ചു. രണ്ടുടീമുകളും വാശിയേറിയ പോരാട്ടം കാഴ്ചവച്ചെങ്കിലും ഫൈനൽ മത്സരം അനുകരണീയമല്ലാത്ത പല സംഭവങ്ങൾക്കും സാക്ഷ്യം വഹിച്ചു. പരുക്കൻ കളിയുടെ അതിപ്രസരവും കളിക്കിടയിലുള്ള കളിക്കാരുടെ ഇറങ്ങിപ്പോക്കും റഫറിയെ ധിക്കരിക്കലും ട്രോഫി സ്വീകരിക്കാൻ ഒരു ടീം കാണിച്ച മടിയും സിയാറ്റിൽ മലയാളി സമൂഹത്തിന്റെ ഫുട്ബോൾ മാമാങ്കത്തിനു് കളങ്കമേല്പിച്ചു. ഈ സംഭവവികാസങ്ങളിൽ നിന്നും പാഠമുൾക്കൊണ്ടു്, അസ്സോസിയേഷൻ, തുടർന്നുള്ള കായിക മത്സരങ്ങളുടെ പങ്കെടുക്കൽ മാനദണ്ഡം പുതുക്കുകയും മത്സര നിയന്ത്രണത്തിൽ സ്പോർട്സ് കമ്മിറ്റിക്കു പ്രത്യേകവും എക്സിക്യൂട്ടീവ് കമ്മിറ്റിക്കു പൊതുവേയുമുള്ള അധികാരം വിപുലപ്പെടുത്തുകയും ചെയ്തു.

സെപ്റ്റംബർ 11-നു് ബെൽവ്യൂ ഗ്രാസ് ലോൺ പാർക്കിൽ സംഘടിപ്പിച്ച ത്രോ ബോൾ ടൂർണമെന്റിൽ റെഡ് ചില്ലിസ് വീണ്ടും വിജയമണിഞ്ഞു.

സെപ്റ്റംബർ 25-നു് പുരുഷ, വനിതാ വിഭാഗങ്ങളിൽ ടെന്നീസ് ടൂർണമെന്റ് നടന്നു. അരുൺ വീട്ടിൽ, അജു കുരുവിള, ബ്രിജേഷ്, സബിത ബ്രിജേഷ്, അഞ്ജന എന്നിവർ ജേതാക്കളായി.

ഒക്ടോബർ 2-നു് കെന്റ് കോമൺസിൽ വച്ചു നടത്തിയ റാക്കറ്റ് ബോൾ മത്സരം അധികം പേരെ ആകർഷിച്ചില്ല. സാധാരണയിലധികം കളിക്കാർ ഈ മത്സരത്തിൽ നിന്നു വിട്ടുനിൽക്കാൻ പ്രത്യേക കാരണമൊന്നും സ്പോർട്സ് കമ്മിറ്റി കണ്ടെത്തിയുമില്ല. 2011-ലെ നിയുക്ത പ്രസിഡന്റ് റ്റോംസ് ജോൺ ജേതാവായി.

ഒക്ടോബർ 23-നു് കെന്റ് കോമൺസിൽ വച്ചു നടന്ന വോളിബോൾ ടൂർണമെന്റിൽ ഒട്ടനവധി ടീമുകൾ പങ്കെടുത്തു. വാശിയേറിയ മത്സരത്തിനൊടുവിൽ ഡ്രീം ടീം വിജയികളായി.

ഒക്ടോബർ 30-നു് സീറ്റാക് കമ്യൂണിറ്റി സെന്ററിൽ വച്ച് പുരുഷ, വനിതാ ബാഡ്മിന്റൻ ടൂർണമെന്റ് നടന്നു. ഈ മത്സരങ്ങൾക്കു് അംഗങ്ങളിൽ നിന്നും നല്ല പ്രതികരണമാണു് ലഭിച്ചതു്. അജിത് റൈറ്റസ്, സബിത ബ്രിജേഷ്, ഷൈജു, ഗ്രയീം, പ്രിയ രാജേഷ് എന്നിവർ ജേതാക്കളായി.

നവംബർ 27-നു് വാലി റിഡ്ജ് കമ്യൂണിറ്റി സെന്ററിൽ നടന്ന ചീട്ടുകളി മത്സരത്തിൽ 28, 56, റമ്മി എന്നീ ഇനങ്ങളാണു് ഉൾക്കൊള്ളിച്ചിരുന്നതു്. ഓജസ് ജോൺ, സെബാസ്റ്റ്യൻ വിതയത്തിൽ, വിശ്വം ചങ്ങരത്ത്, ഹരിപ്രസാദ്, സന്തോഷ് പടിയത്ത് എന്നിവർ വിജയിച്ചു.

ഡിസംബർ 5-നു് ക്രോസ് റോഡ്സിൽ വച്ചു് അരങ്ങേറിയ ചെസ് ടൂർണമെന്റായിരുന്നു അസ്സോസിയേഷൻ ഈ വർഷം സംഘടിപ്പിച്ച അവസാനത്തെ കായിക മത്സര ഇനം. മുതിർന്നവരുടെ വിഭാഗത്തിൽ ഹരിപ്രസാദ്, 10 മുതൽ 12 വയസ്സു വരെയുള്ള കുട്ടികളിൽ റോഹൻ സ്കറിയ, 7 മുതൽ 9 വയസ്സു വരെയുള്ള കുട്ടികളിൽ റോഷൻ സ്കറിയ എന്നിവർ വിജയം വരിച്ചു.

## സ്റ്റേജ് ഷോ

കാലാകാലങ്ങളായി അസ്സോസിയേഷൻ സംഘടിപ്പിക്കുന്ന സ്റ്റേജ് ഷോകളാണു് അസ്സോസിയേഷന്റെ പ്രധാന ആദായമാർഗ്ഗം. സ്റ്റേജ് ഷോയുടെ റ്റിക്കറ്റു വില്പനയിലൂടേയും പ്രായോജകർ നൽകുന്ന പരസ്യവരുമാനത്തിലൂടേയും അസ്സോസിയേഷൻ നേടിയെടുക്കുന്ന പണം പ്രധാനമായും ആതുരസേവന പ്രവർത്തനങ്ങൾക്കും അസ്സോസിയേഷന്റെ മറ്റു ചെലവുകൾക്കുമായി ഉപയോഗിക്കുന്നു. പിന്നേയും മിച്ചം വരുന്ന തുക അസ്സോസിയേഷന്റെ ലാഭമായി കണക്കാക്കി മിച്ചം വയ്ക്കാറുമുണ്ടു്.

സ്റ്റേജ് ഷോ നിശ്ചയക്കുന്നതിനു് മുമ്പു് അതിന്റെ വിപണന സാദ്ധ്യതയെപ്പറ്റി കമ്മിറ്റി അംഗങ്ങൾ കൂലങ്കഷമായി ചിന്തിക്കുന്നു. സ്ഥലം, ദിവസം, സമയം, റ്റിക്കറ്റുവില എന്നീ ചരങ്ങൾ സ്റ്റേജ് ഷോയുടെ വിജയപരാജയങ്ങൾ നിർണ്ണയിക്കുമെന്നതിനാൽ അനല്പമായ സൂക്ഷ്മതയോടെയാണു് കമ്മിറ്റി ഈ വിഷയത്തിൽ തീരുമാനമെടുക്കുന്നതു്.

ഇക്കാരണം കൊണ്ടു്, അമേരിക്കയിലെത്തുന്ന പല ട്രൂപ്പുകളും സിയാറ്റിൽ വിപണിക്കു് അനുയോജ്യമല്ലാതാവുന്നു. “മറ്റൊരു പുരുഷൻ സുന്ദരനെങ്കിലുമൊറ്റക്കണ്ണനതായതു ദോഷം” എന്നു പറയുന്ന അവസ്ഥ. ഉദാഹരണമായി, ഇക്കഴിഞ്ഞവർഷം വന്നുപോയ ഉണ്ടപ്പക്രു ഷോ, ഔസേപ്പച്ചൻ ഷോ എന്നിവ വൈവിദ്ധ്യത്തിന്റെ അഭാവത്തിലും ദിലീപ് ഷോ ചെലവിന്റെ ആധിക്യത്തിലും എക്സിക്യൂട്ടീവ് കമ്മിറ്റി തള്ളിക്കളഞ്ഞവയാണു്. ചിത്ര ഷോ ആവട്ടെ, മുമ്പു് പറഞ്ഞ രണ്ടു വിഭാഗത്തിലും പെടുത്താവുന്നതായിരുന്നു: വൈവിദ്ധ്യം കുറവു്, എന്നാൽ ചെലവു് കൂടുതലും.

ഭാഗ്യവശാൽ, നമുക്കനുയോജ്യമായ വിഭവങ്ങളുമായായിരുന്നു സ്റ്റാർ സിംഗേഴ്സ് ഷോയുടെ വരവു്. ഈ ഷോയുടെ പ്രധാനകുറവായി ആരോപിക്കപ്പെട്ടതു് അതിന്റെ താരവില (സ്റ്റാർ വാല്യു) ഇല്ലായ്മയത്രേ. എക്സിക്യൂട്ടീവ് കമ്മിറ്റി ഈ ആരോപണം മുഖവിലയ്ക്കെടുക്കുകയും റ്റിക്കറ്റുവിലയിൽ മുൻകാലങ്ങളിൽ നിന്നും ഇളവനുവദിക്കുകയും ചെയ്തു. ഈ നയോപായ വൈദഗ്ദ്ധ്യം വിജയിച്ചുവെന്നു വേണം കരുതാൻ: സ്റ്റാർ സിംഗേഴ്സ് ഷോ താരങ്ങളുടെ അഭാവത്തിലും ധനകാര്യപരമായി വിജയമായിരുന്നു. ഷോ കണ്ടവർ അതിന്റെ കലാപരമായ നിലവാരത്തിനും ഒരുപണത്തൂക്കവും കുറവുള്ളതായി നാളിതുവരെ അഭിപ്രായപ്പെട്ടില്ല.

മുൻനിശ്ചയിച്ചതിൽ നിന്നു വിപരീതമായി സ്റ്റേജ് ഷോയിൽ നിന്നുള്ള ലാഭത്തിന്റെ 50%-നു പകരം 100% ലാഭവും ആതുരസേവന പ്രവർത്തനങ്ങൾക്കായി നീക്കിവയ്ക്കാനായി എന്നതും സീമാതീതമായ കൃതാർത്ഥതയേകിയ വസ്തുതയാണു്.

## പിക്നിക്

2010-ലെ വാർഷിക പിക്നിക് ഓഗസ്റ്റ് 14-നു് ഇസ്സക്വായിലെ ഈസ്റ്റ് സമാമിഷ് പാർക്കിൽ വച്ചു നടന്നു. മുൻകാലങ്ങളിലെ പോലെ, പിക്നിക്കിൽ പങ്കെടുത്തവർക്കെല്ലാം അസ്സോസിയേഷൻ സൗജന്യ ഭക്ഷണം നൽകി. കുട്ടികൾക്കും മുതിർന്നവർക്കുമുള്ള കായിക വിനോദങ്ങളും സംഘടിപ്പിച്ചിരുന്നു. പിക്നിക്കിനുവേണ്ടി കടമെടുത്ത പാർട്ടി ബൗൺസറും സ്ലൈഡും കുട്ടികളിൽ ഏറെ കൗതുകമുണർത്തുകയും പൊരിവെയിലത്തു് അവർക്കു് ആശ്വാസമേകുകയും ചെയ്തു. എല്ലാക്കൊല്ലവും ആഘോഷമായി നടത്തിവന്നിരുന്ന വടംവലി ഇത്തവണ സൂര്യാതപം ഭയന്നു് വേണ്ടെന്നു വച്ചു.

പരിപാടികളുടെ ആസൂത്രണത്തിലും നടത്തിപ്പിലും എക്സിക്യൂട്ടീവ് അംഗങ്ങളുടെ കുടുംബാംഗങ്ങൾ അനവധി സഹായങ്ങൾ ചെയ്തുതന്നു. അനേകം അസ്സോസിയേഷൻ അംഗങ്ങളും പിക്നിക്കിന്റെ വിജയത്തിനു് സഹായഹസ്തമേകി.

ഓഗസ്റ്റ് 15-നുള്ള ഇന്ത്യൻ സ്വാതന്ത്ര്യ ദിനം ഇന്ത്യൻ പതാകകൾ പാറിച്ചും മൂവർണ്ണത്തിലുള്ള വേഷഭൂഷാദികളണിഞ്ഞും മലയാളിക്കൂട്ടായ്മ ആഘോഷിച്ചു. പിക്നിക്കിനോടനുബന്ധിച്ചു നടത്തിയ കായികവിനോദങ്ങളിൽ വിജയിച്ചവർക്കു് ഗിഫ്റ്റ് കാർഡുകളും ട്രോഫികളും വിതരണം ചെയ്തു.

# ഓണാഘോഷം

സെപ്റ്റംബർ 18-നു് ഓബേൺ പെർഫോമിംഗ് ആർട്സ് സെന്ററിൽ വച്ചായിരുന്നു ഈ വർഷത്തെ ഓണാഘോഷം നടന്നതു്. മുൻവർഷങ്ങളിലെ തിരക്കു് കണക്കിലെടുത്താണു് ഇത്തവണവ ആയിരത്തിലധികം പേരെ പ്രവേശിപ്പിക്കാനുതകുന്ന ഓബേൺ പെർഫോമിംഗ് ആർട്സ് സെന്റർ വേദിയായി തിരഞ്ഞെടുത്തതുതന്നെ.

പല കാരണങ്ങൾകൊണ്ടും പുതുമകൾ അവകാശപ്പെടാവുന്നതായിരുന്നു ഇത്തവണത്തെ ഓണാഘോഷം.

ഒന്നാമതായി, പ്രവേശന ഫീസ് ആളൊന്നിനു് അഞ്ചു് ഡോളർ എന്നതിനു പകരം അംഗങ്ങളുടെ കുടുംബത്തിനു മൊത്തമായി അഞ്ചു് ഡോളർ എന്നാക്കി കുറച്ചു. (ഇക്കാരണം കൊണ്ടു് ഇത്തവണ ഓണത്തിന്റെ പ്രവേശനഫീസിൽ നിന്നുള്ള വരുമാനം നന്നേ കുറഞ്ഞു. വിശദാംശങ്ങൾ ധനകാര്യ റിപ്പോർട്ടിലുണ്ടു്.) ഭക്ഷണം പാചകം ചെയ്തുകൊണ്ടുവന്നവർക്കും പരിപാടികളിൽ പങ്കെടുക്കാനുള്ളവർക്കും ഭക്ഷണശാലയിലേയ്ക്കു് മുൻഗണനയോടെ പ്രവേശനമനുവദിച്ചു. അസ്സോസിയേഷൻ അംഗങ്ങൾക്കു സദ്യ വിളമ്പിയ ശേഷമേ അംഗങ്ങളല്ലാതായെത്തിയ അതിഥികൾക്കു് അവസരം നൽകിയുള്ളൂ. ഓരോരുത്തരുടേയും മുറ മുൻകൂട്ടി നിശ്ചയിച്ചു് എല്ലാവർക്കും ക്രമനമ്പരുകൾ നൽകുക വഴി ഭക്ഷണം കഴിക്കാനുള്ള തിക്കും തിരക്കും കുറയ്ക്കാൻ സാധിച്ചു.

രണ്ടാമതായി, ഓണസദ്യ, സദ്യവിളമ്പുന്ന മുറപ്രകാരം വാഴയിലയിൽ—തനതായ വാഴയിലയുടെ അഭാവത്തിൽ പേപ്പർ വാഴയിലാണെങ്കിലും—നൽകാനായി. ഇതുമൂലം അതിഥികൾക്കു് സ്വാദിഷ്ഠവും അതിഗംഭീരവുമായ ഓണവിഭവങ്ങൾ യഥേഷ്ടം ആസ്വദിക്കാൻ കഴിഞ്ഞു. എക്സിക്യൂട്ടീവ് അംഗങ്ങൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും പുറമേ, സേവനസന്നദ്ധരായ അമ്പതോളം അംഗങ്ങളുടെ അഭിനന്ദനീയമായ അത്യദ്ധ്വാനം കൊണ്ടുകൂടിയാണു് അറുനൂറ്റിഎഴുപതോളം ആൾക്കാർക്കു്, പയ്യാരവും പരിഭവവുമില്ലാതെ, ശ്രദ്ധേയമായ രീതിയിൽ സദ്യവിളമ്പിയെത്താനായതു്. സന്തോഷ് നായർ, സന്തോഷ് പിള്ള എന്നിവരുടെ നേതൃത്വത്തിൽ രണ്ടാഴ്ചയോളം നീണ്ട, സൂക്ഷ്മാംശങ്ങളിൽ പോലും ശ്രദ്ധയൂന്നിയ ആസൂത്രണമാണു് നൂറ്റിയെഴുപത്തഞ്ചോളം കുടുംബങ്ങളിൽ നിന്നും ഓബൺ പെർഫോമിംഗ് ആർട്സ് സെന്ററിന്റെ ഭക്ഷണശാലയിലേയ്ക്കു് വിഭവങ്ങളെത്തിച്ചതു്. എക്സിക്യൂട്ടീവ് കമ്മിറ്റിയിലെ വനിതാ അംഗങ്ങളും മറ്റംഗങ്ങളുടെ ഭാര്യമാരും ഇതിനായി നടത്തിയ കഠിനശ്രമം ശ്ലാഘനീയമാണു്. അസ്സോസിയേഷനെ ഈ സംരംഭത്തിൽ സഹായിച്ച ഓരോ വ്യക്തിയോടുമുള്ള അകൈതവമായ കടപ്പാടു് ഒരിക്കൽ കൂടി രേഖപ്പെടുത്താതിരിക്കുന്നതു് അക്ഷന്തവ്യമായ അപരാധമാവും.

രസാവഹമായ സ്ഥിതിവിവരക്കണക്കു്: ഓണസദ്യയ്ക്കെത്തിയ വിഭവങ്ങളിൽ 26.7% ബോത്തലിൽ നിന്നും 25.4% സമാമിഷിൽ നിന്നും 25% ബെൽവ്യൂ-റെഡ്മൺട് ഏരിയായിൽ നിന്നും 15.2% കെന്റ് ഭാഗത്തു നിന്നും ബാക്കിയുള്ള 7.7% സിയാറ്റിൽ, റെന്റൻ തുടങ്ങിയ മറ്റിടങ്ങളിൽ നിന്നുമാണെത്തിയതു്.

മൂന്നാമതായി, ഓണാഘോഷത്തിന്റെ ഭാഗമായി അംഗങ്ങൾ അവതരിപ്പിച്ച കലാപരിപാടികളെല്ലാം ഉന്നതനിലവരം പുലർത്തിയവയായിരുന്നു. ഓണാഘോഷത്തിന്റെ തീയതി മാർച്ചിൽ തന്നെ പ്രഖ്യാപിക്കുകവഴി, പങ്കെടുക്കുന്നവർക്കു് മതിയാവോളം സമയം തയ്യാറെടുപ്പിനു വേണ്ടി ലഭ്യമായി. കായിക മത്സരങ്ങളിലെന്നപോലെ കലാപരിപാടികളിലും പങ്കെടുക്കാൻ അസ്സോസിയേഷൻ അംഗത്വമുൾപ്പടെയുള്ള ഉപാധികൾ വച്ചതു് "കൂട്ടത്തിൽ പാടാനും വെള്ളത്തിൽ പൂട്ടാനും" തുനിഞ്ഞിറങ്ങുന്നവരെ നിരുത്സാഹപ്പെടുത്തുകയും അതു വഴി അദ്ധ്വാനം ചെയ്യുന്നവർക്കു് അവസരമുണ്ടാക്കി, പരിപാടികളുടെ ഗുണമേന്മ വർദ്ധിപ്പിക്കാനുതകുകയും ചെയ്തു. പ്രകാശ് മേനോനും പ്രദീപ് ഉണ്ണിയും നയിച്ച പ്രോഗ്രാം കമ്മിറ്റി, പരിപാടികളുടെ ആസൂത്രണം മുതൽ നിർവ്വഹണം വരെ കുറ്റമറ്റതാക്കാൻ അതിവിശിഷ്ടമായ സേവനമാണു് നൽകിയതു്. ഓണാഘോഷപരിപാടിയുടെ എംസിമാരായിരുന്ന അനീഷ് നായർ, ജയലക്ഷ്മി എന്നിവരും പ്രശംസാർഹമായ പ്രകടനം കാഴ്ചവച്ചതു് പരിപാടിയുടെ വിജയത്തിനെ തെല്ലൊന്നുമല്ല സഹായിച്ചതു്.

നാലാമതായി, അസ്സോസിയേഷന്റെ സോഷ്യൽ മീഡിയ വിഭാഗത്തിന്റെ പ്രാബല്യവും പ്രസക്തിയും അംഗങ്ങൾക്കു് അടുത്തറിയാനുള്ള അവസരവും ഓണാഘോഷത്തിനു ശേഷമുള്ള ദിനങ്ങൾ നമുക്കു സംഭാവന നൽകി. അസ്സോസിയേഷന്റെ പ്രവർത്തനങ്ങൾ പോസ്റ്റൽ മെയിൽ വഴി അംഗങ്ങളെ അറിയിച്ചു കൊണ്ടിരുന്ന കാലത്തു നിന്നും നാം വളരെ മുന്നേറിയെന്നുള്ളതിന്റെ ഓർമ്മപുതുക്കൽ കൂടിയായിരുന്നു കേരളാ അസ്സോസിയേഷന്റെ ഫേയ്സ്ബുക്ക് പേജിൽ കണ്ടതു്.

# നിയമാവലി (By Law) ഭേദഗതി

1990 ഒക്ടോബർ 8-നു് ആണു് കേരളാ അസ്സോസിയേഷന്റെ നിയമാവലി ആർടികിൾസ് ഓഫ് ഇൻകോർപറേഷനായി അംഗീകരിച്ചുകൊണ്ടു് കേരളാ അസ്സോസിയേഷൻ ഓഫ് വാഷിങ്ടൻ നിലവിൽ വന്നതു്. അന്നു് അംഗീകരിച്ച നിയമാവലി പ്രകാരം അസ്സോസിയേഷനു് നാലു് ഓഫീസർമാരും അഞ്ചു് എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളും ഉണ്ടാവണം. വർഷാന്ത്യത്തിൽ കണക്കുകൾ ഔദ്യോഗികമായി തിട്ടപ്പെടുത്തുവാനായി ഒരു ഓഡിറ്ററിനെ എക്സിക്യൂട്ടീവ് കമ്മിറ്റി നാമനിർദ്ദേശം ചെയ്യുന്നു.

1997 ഏപ്രിൽ 1-നു് മുന്നോട്ടുവച്ചതായി പറയപ്പെടുന്ന നിയമാവലിഭേദഗതി രണ്ടു് യുവ പ്രതിനിധികളെക്കൂടി എക്സിക്യൂട്ടീവ് കമ്മിറ്റിയിലേയ്ക്കു് തെരഞ്ഞെടുക്കണമെന്നു് നിർദ്ദേശിക്കുന്നു. എന്നാൽ ഈ ഭേദഗതി ജനറൽ ബോഡി പാസ്സാക്കിയതായി മിനിറ്റ്സുകളിൽ കാണുന്നില്ല. 1997-ലെ ഭേദഗതി അംഗീകരിക്കപ്പെട്ടു എന്നു കരുതിയാൽ, ഭരണഘടന പ്രകാരം, എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ നാലു് ഓഫീസർമാരും വോട്ടധികാരമുള്ള ഏഴു് അംഗങ്ങളും ഉണ്ടാവേണ്ടതാണു്. എന്നാൽ കഴിഞ്ഞ കുറേ കാലമായി, എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ യുവപ്രതിനിധികൾക്കു് വോട്ടുണ്ടായിരുന്നില്ല. അതുമാത്രമല്ല, എക്സ്-ഒഫിഷ്യോ ആയി മുൻവർഷത്തെ പ്രസിഡന്റ് കമ്മിറ്റിയിൽ അംഗമായി തുടർന്നുവരികയും ചെയ്തു. 2007 മുതൽ ജോയിന്റ് സെക്രട്ടറി എന്ന പുതിയ സ്ഥാനം എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ ഭാഗമായി വന്നെങ്കിലും ആ തീരുമാനം അംഗീകരിച്ച ജനറൽ ബോഡി യോഗത്തിന്റെ മിനിറ്റ്സും ലഭ്യമല്ല. ഇതേ സമയം അസ്സോസിയേഷന്റെ ആർടികിൾസ് ഓഫ് ഇൻകോർപറേഷൻ 1990-ൽ സ്റ്റേറ്റിനു സമർപ്പിച്ചതിൽ നിന്നും മാറ്റമില്ലാതെ തുടരുകയും ചെയ്തു.

കമ്മിറ്റി അംഗങ്ങളുടെ സ്ഥാനത്തിനോ എണ്ണത്തിനോ വോട്ടധികാരത്തിനോ ഏതെങ്കിലും വിധത്തിലുള്ള അഭിപ്രായ വ്യത്യാസങ്ങൾ ഉയർന്നാൽ, നിയമാവലിഭേദഗതി പാസാക്കിയതായുള്ള യോഗതീരുമാനങ്ങളുടെ മിനിറ്റ്സുകളുടെ അഭാവത്തിൽ ആർടികിൾസ് ഓഫ് ഇൻകോർപറേഷൻ നിയമസാധുതയുള്ള പ്രമാണമായി പരിഗണിക്കും. ഇതുകാരണം, ഇപ്പോൾ പിന്തുടർന്നുവരുന്ന കീഴ്വഴക്കങ്ങൾ ഉൾപ്പെടുത്തി നിയമാവലി ഭേദഗതി ചെയ്തു്, മാറ്റങ്ങൾ ഔദ്യോഗികമായി അസ്സോസിയേഷന്റെ ഭരണഘടനയുടെ ഭാഗമാക്കേണ്ടതിന്റെ ആവശ്യം വ്യക്തമാണല്ലോ. അതുമാത്രമല്ല, ഇരുപതാണ്ടു പഴക്കമുള്ള ആർടികിൾസ് ഓഫ് ഇൻകോർപറേഷൻ ഭേദഗതി ചെയ്യേണ്ടതും അമാന്തിക്കാതെ ചെയ്യേണ്ടുന്ന കടമയായി 2010 എക്സിക്യൂട്ടീവ് കമ്മിറ്റി കരുതി.

സമയബന്ധിതമായ പ്രവർത്തനത്തിലൂടെ നിയമാവലി കാലികപ്രസക്തിയുള്ളതാക്കാൻ വേണ്ടിയാണു് സന്തോഷ് പിള്ള കൺവീനറും സന്തോഷ് നായർ, പ്രദീപ് ഉണ്ണി, സുചിത്ര ദീപേഷ്, സുരേഷ് ചെല്ലപ്പൻ എന്നിവർ അംഗങ്ങളുമായുള്ള ബൈ-ലോ സബ്കമ്മിറ്റി രൂപീകൃതമായതു്. 2010 ഒക്ടോബർ 27-നു് സബ്കമ്മിറ്റി, ഭേദഗതിനിർദ്ദേശങ്ങൾ എക്സിക്യൂട്ടീവ് കമ്മിറ്റിക്കു സമർപ്പിച്ചു. എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളുടെ ശുപാർശകൾകൂടി ഉൾപ്പെടുത്തി നവമ്പർ 2-നു് നിയമാവലിഭേദഗതിയുടെ അന്തിമരൂപം എക്സിക്യൂട്ടീവ് കമ്മിറ്റി അംഗീകരിച്ചു.

2010 നവംബർ 21-നു് ബ്യൂറിയൻ ലൈബ്രറിയിൽ വിളിച്ചു ചേർത്ത യോഗത്തിൽ വച്ചു് നിയമാവലിഭേദഗതികൾ അസ്സോസിയേഷന്റെ ജനറൽ ബോഡി അംഗീകരിച്ചു. ജോയിന്റ് സെക്രട്ടറി സ്ഥാനം ഔദ്യോഗികമാക്കുക, എക്സ്-ഒഫിഷ്യോ ആയി മുൻ പ്രസിഡന്റ് കമ്മിറ്റിയിൽ തുടരുക, എക്സിക്യൂട്ടീവ് അംഗങ്ങളുടെ എണ്ണം എട്ടു് ആയി നിജപ്പെടുത്തുക, യുവ പ്രതിനിധികൾ വേണ്ടെന്നു വയ്ക്കുക, അംഗങ്ങൾ മുൻകൂർ അംഗീകാരമില്ലാതെ ചെലവാക്കുന്ന തുകയ്ക്കു് പരിധിയേർപ്പെടുത്തുക തുടങ്ങിയ മാറ്റങ്ങൾക്കു പുറമേ, ജനറൽ ബോഡിയുടെ കോറം 30 ആക്കണമെന്ന നിർദ്ദേശവും ഐകകണ്ഠ്യേന അംഗീകരിക്കപ്പെട്ടു. പുതുക്കിയ നിയമാവലി ഉടൻ തന്നെ പ്രാബല്യത്തിൽ വന്നു.

പുതിയ നിയമാവലിഭേദഗതികൾ ഉൾക്കൊള്ളിച്ചു് ആർടികിൾസ് ഓഫ് ഇൻകോർപറേഷൻ പുതുക്കാനുള്ള അപേക്ഷ വാഷിങ്ടൻ സ്റ്റേറ്റ് കോർപറേഷൻസ് ഡിവിഷനും പുതുക്കിയ നിയമാവലി IRS-നും അയച്ചുകൊടുത്തു് നിയമാവലിഭേദഗതിപ്രക്രിയ നിയമാനുസൃതമായും സമയബന്ധിതമായും പൂർത്തിയാക്കി. വാഷിങ്ടൻ സ്റ്റേറ്റിൽ നിന്നും മറുപടിയായി ലഭിച്ച അംഗീകാരപത്രവും IRS-നു് അയച്ചുകൊടുത്ത നിയമാവലിയുടെ പതിപ്പും കൈമാറ്റ രേഖകളിൽ ഉൾപ്പെടുത്തിയിട്ടുണ്ടു്.

## ക്രിസ്മസ്/നവവത്സര ആഘോഷം

2011 ജനുവരി 23-നു് സമാമിഷ് ഹൈസ്കൂൾ പെർഫോമിംഗ് ആർട്സ് സെന്ററിൽ വച്ചായിരുന്നു ക്രിസ്മസ്/നവവത്സരാഘോഷം നടന്നതു്. ഈ വർഷത്തെ ആഘോഷത്തിന്റെ ഒരു പ്രത്യേകത, പ്രവേശന ഫീസ് വസൂലാക്കാതെതന്നെ എല്ലാ അതിഥികൾക്കും പ്രവേശനമനുവദിച്ചു എന്നതാണു്.

ആഘോഷങ്ങളുടെ ഭാഗമായി നടന്ന യോഗത്തിൽ വച്ചു് അസ്സോസിയേഷന്റെ ആതുരസേവന സംഭാവനയായ 1000 ഡോളർ സൈറ്റ്ലൈഫ് വൈസ് പ്രസിഡന്റ് റോബ് വാറ്ററിനു് പ്രസിഡന്റ് സന്തോഷ് നായർ കൈമാറി.

അംഗങ്ങൾ അവതരിപ്പിച്ച കലാപരിപാടികൾ നിലവാരം പുലർത്തിയെങ്കിലും പരിപാടികൾക്കിടയിലെ കാലതാമസം പലപ്പോഴും ആസ്വാദകരസം കെടുത്തി. ഈ കാലതാമസമൊഴിവാക്കാൻ പ്രോഗ്രാം കമ്മിറ്റി അത്യദ്ധ്വാനം ചെയ്തെങ്കിലും ഓരോ പ്രോഗ്രാമിനും മുമ്പുള്ള തയ്യാറെടുക്കൽ സമയം ക്രമാതീതമായതിനാൽ സംഘാടകർക്കു് മറ്റു് പോംവഴികളൊന്നുമുണ്ടായിരുന്നില്ല. എംസിമാരായ മജു കുരുവിളയും അനുപമാ മൂർത്തിയും വിരസതയൊഴിവാക്കാൻ വിസ്മയനീയമായ പ്രകടനമാണു് കാഴ്ചവച്ചതു് എന്നതു് പ്രത്യേകം പറയേണ്ടിയിരിക്കുന്നു.

അസ്സോസിയേഷൻ സംഘടിപ്പിച്ച എല്ലാ പരിപാടികളിലുമെന്നപോലെ, ക്രിസ്മസ്/നവവത്സര പരിപാടികളിൽ പങ്കെടുക്കാനും അസ്സോസിയേഷൻ അംഗത്വമുൾപ്പടെയുള്ള ഉപാധികൾ നിർബന്ധമാക്കിയിരുന്നു. ഒഴിവാക്കാനാവാത്തെ പ്രത്യേക സാഹചര്യത്തിൽ അസ്സോസിയേഷൻ അംഗത്വം ഇല്ലാതെ അഞ്ചു പേരെ ക്രിസ്മസ് പരിപാടിയിൽ പങ്കെടുക്കാൻ അനുവദിക്കേണ്ടി വന്നു. അവരിൽ മൂന്നു പേർ പിന്നീടു് സ്വമേധയാ അംഗങ്ങളാവുകയും രണ്ടു പേരുടെ അംഗത്വഫീസ് അസ്സോസിയേഷന്റെ നേതൃനിരയിലുള്ള, എന്നാൽ പേരുവെളിപ്പെടുത്താനാഗ്രഹിക്കാത്ത, മറ്റൊരംഗം വഹിക്കുകയും ചെയ്തു. ഈ അംഗത്തിന്റെ അവസരോചിതമായ ഇടപെടൽ അസ്സോസിയേഷൻ നന്ദിയോടെ സ്മരിക്കുന്നു.

അസ്സോസിയേഷന്റെ ചരിത്രത്തിൽ, ഒരു പക്ഷേ, ഏറ്റവും വേഗമേറിയ തെരഞ്ഞെടുപ്പായിരുന്നു ഇത്തവണ അരങ്ങേറിയതു്. പ്രസിഡന്റായി റ്റോംസ് ജോൺ, വൈസ് പ്രസിഡന്റായി രാജഗോപാലൻ മാർഗ്ഗശ്ശേരി, സെക്രട്ടറിയായി ഓജസ് ജോൺ, ജോയിന്റ് സെക്രട്ടറിയായി റാം പ്രണാം, ട്രഷററായി പി. എം. മാത്യു എന്നിവർ നാമനിർദ്ദേശം ചെയ്യപ്പെട്ടു. എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളായി സന്ദീപ് സദാനന്ദൻ, റോയ് മാത്യു, ജയശ്രീ നാരായണൻ, അബ്രഹാം ജോൺ, മാത്യു രാജു, വിശ്വം ചങ്ങരത്ത്, കല്പന ഹരിപ്രസാദ്, സീമ അനിൽ എന്നിവരും ഏകകണ്ഠമായി നാമനിർദ്ദേശം ചെയ്യപ്പെട്ടു. പുതിയ കമ്മിറ്റിക്ക് എല്ലാ വിജയാശംസകളും നേരുന്നു.

## ആതുരസേവന പ്രവർത്തനങ്ങൾ

ആതുരസേവന പ്രവർത്തനങ്ങൾക്കായി 2010-ൽ അസ്സോസിയേഷൻ 3321.49 ഡോളർ സംഭാവന ചെയ്തു. ഇതിന്റെ വിശദാംശങ്ങൾ ധനകാര്യ റിപ്പോർട്ടിലുള്ളതിനാൽ ഇവിടെ വിശദീകരിക്കുന്നില്ല.

കൊച്ചിയിലെ രക്ഷാസൊസൈറ്റിക്കു് 100% ലാഭവിഹിതമെത്തിക്കാൻ സപ്തസ്വര സിയാറ്റിൽ, അന്താരാഷ്ട്ര ലാഭേതര സംഘടനായ കെയർ ആൻഡ് ഷെയറുമായി യോജിച്ചു സംഘടിപ്പിച്ച 'ഗാനോത്സവം' ഒക്ടോബർ 9-നു നടന്നു. കേരളാ അസ്സോസിയേഷൻ, അംഗങ്ങൾക്കിടയിൽ പരസ്യപ്പെടുത്തി ഈ സംരംഭത്തിനെ ഉപാധികളില്ലാതെ സഹായിച്ചു.

## വെബ്സൈറ്റ്, സോഷ്യൽ മീഡിയ, മറ്റു ടെക്നോളജി ഉപയോഗം

ഒരു വ്യക്തിയുടെ പേരിലായിരുന്ന ഡൊമെയ്ൻ രെജിസ്ട്രേഷൻ, വെബ് ഹോസ്റ്റിംഗ്, ഈ-മെയിൽ അക്കൗണ്ടുകൾ അസ്സോസിയേഷന്റെ പേരിലാക്കുകയും ഈ അക്കൗണ്ടുകൾ രണ്ടു പ്രാവശ്യം പുതുക്കുകയും ചെയ്തു: ഡൊമെയ്ൻ രെജിസ്ട്രേഷൻ 2013 മാർച്ചു വരേയും ഈ-മെയിൽ 2012 ഏപ്രിൽ 30 വരെയും ഹോസ്റ്റിംഗ് 2011 ഡിസംബർ 30 വരെയുമാണു് പുതുക്കിയിട്ടുള്ളതു്. കേരളാ അസ്സോസിയേഷന്റെ വെബ്സൈറ്റ് പുനരാസൂത്രണം

ചെയ്തു് ഉപയോഗവും പരിപാലനവും എളുപ്പമാക്കി. അസ്സോസിയേഷന്റെ ഫേയ്സ്ബുക്ക് പേജ്, റ്റ്വിറ്റർ പേജ് എന്നിവ ആരംഭിച്ചു. അസ്സോസിയേഷന്റെ ഫോട്ടോകൾ വിൻഡോസ് സ്കൈഡ്രൈവ് ഉപയോഗപ്പെടുത്തി ഒരു സ്ഥലത്തു് ഏകീകരിച്ചു. അസ്സോസിയേഷന്റെ വരവുചിലവു കണക്കുകൾ മിന്റ് എന്ന സർവീസ് മുഖേന ചിട്ടപ്പെടുത്തി. അംഗത്വമെടുക്കാനും സ്റ്റേജ് ഷോ റ്റിക്കറ്റുകൾ വിൽക്കാനും പേപാൽ സംവിധാനം പ്രയോജനപ്പെടുത്തി. ഇതിനു പുറമേ, യു. എസ്. ബാങ്ക് ബിൽപേ സംവിധാനം വഴിയാണു് ചെക്കുകൾ നൽകിയതു്.

ഈ സർവീസുകളുടേയെല്ലാം യൂസർനെയ്മും പാസ്‌വേഡും അധികാരക്കൈമാറ്റ ദിവസം തന്നെ പുതിയ കമ്മിറ്റിയ്ക്കു് കൈമാറാനുള്ള ഏർപ്പടുകൾ ചെയ്തു.

## എമർജൻസി ഫണ്ട്

കേരളാ അസ്സോസിയേഷന്റെ ചെക്കിംഗ് അക്കൗണ്ടിൽ നിന്നും 5000 ഡോളർ സേവിംഗ്സ് അക്കൗണ്ടിലേയ്ക്കു് മാറ്റിവയ്ക്കുകയും, ആ തുക അത്യാവശ്യ ഉപയോഗത്തിനു മാത്രം ഉപയോഗിക്കപ്പെടുത്തണമെന്നു് 2010 എക്സിക്യൂട്ടീവ് കമ്മിറ്റി നിർദ്ദേശിക്കുകയും ചെയ്തു.

കഴിഞ്ഞ കുറേ കാലങ്ങളായി എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ വിജയം വർഷാന്ത്യത്തിൽ അവർ അടുത്ത കമ്മിറ്റിക്കു് കൈമാറുന്ന തുകയുമായി ബന്ധപ്പെടുത്തുന്ന അനുകരണീയമല്ലാത്ത പ്രവണത നമ്മുടെ അസ്സോസിയേഷനെ ബാധിച്ചിരുന്നു. 2009-ൽ, ഒരു അംഗത്തിനു് ധനസഹായം ചെയ്യാനായി അന്നത്തെ കമ്മിറ്റി 2500 ഡോളർ ചിലവാക്കുകയും അതിന്റെ പേരിൽ ബാലൻസ് ഷീറ്റിൽ 800 ഡോളറിന്റെ “നഷ്ടം” കാണിക്കുകയും ചെയ്തു. ഇതു് 2009 കമ്മിറ്റിയുടെ കഴിവുകേടാണെന്നു് വസ്തുതകൾക്കു് വിരുദ്ധമായി വ്യാഖ്യാനിക്കപ്പെടുന്നതായി 2010 കമ്മിറ്റി മനസ്സിലാക്കി.

ഇനിയും ഭാവിയിൽ ഇത്തരം സംഭവങ്ങൾ ഉണ്ടാകാം. നഷ്ടം ഭയന്നു് ആതുരസേവനമാർഗ്ഗം ഉപേക്ഷിക്കാതിരിക്കാനാണു് എമർജൻസി ഫണ്ടായി 5000 ഡോളർ മാറ്റി വയ്ക്കുന്നതു്. ചെക്കിംഗ് അക്കൗണ്ടിൽ നിന്നുള്ള തുക ദൈനംദിന ചിലവുകൾക്കുപയോഗപ്പെടുത്തുകയും സേവിംഗ്സ് അക്കൗണ്ടിൽ മാറ്റി വയ്ക്കുന്ന ഫണ്ട് മുൻവിവരിച്ചപോലുള്ള അത്യാവശ്യ, ആതുരസഹായ സംരംഭങ്ങൾക്കുപയോഗപ്പെടുത്തുകയും ചെയ്യണമെന്നാണു് ഈ നടപടി വഴി 2010 എക്സിക്യൂട്ടീവ് കമ്മിറ്റി ആഗ്രഹിക്കുന്നതു്.

അസ്സോസിയേഷന്റെ ലാഭവും സമ്പാദ്യവും കൂട്ടലായിരുന്നില്ല 2010 എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ ലക്ഷ്യമെന്നതു് പ്രതീകാത്മകമായി കാണിക്കാൻ കൂടിയാണു് ഇത്തവണ ഒരു ഡോളർ മാത്രം കൂടുതലാക്കി 2010 കമ്മിറ്റി കണക്കുകൾ കൈമാറുന്നതു്.

## പരസ്യവരുമാനം

കേരളാ അസ്സോസിയേഷന്റെ ചരിത്രത്തിലെ ഏറ്റവും വലിയ പരസ്യ വരുമാനമാണു് 2010-ൽ ലഭ്യമായതു് (വിശദാംശങ്ങൾക്കു് ധനകാര്യറിപ്പോർട്ട് നോക്കുക). ഓണം, സ്റ്റേജ് ഷോ, ക്രിസ്മസ് എന്നീ പരിപാടികൾക്കു പുറമേ, കായിക ഇനങ്ങൾക്കു് പ്രായോജകരാവാനും സേവനദാതാക്കൾ രംഗത്തുവന്നു. സെക്രട്ടറി, കമ്യൂണിറ്റിയ്ക്കയയ്ക്കുന്ന ഈ-മെയിലുകളിൽ പരസ്യവാചകങ്ങൾ ഉൾക്കൊള്ളിക്കുക വഴിയും വരുമാനമുണ്ടായി.

ഓരോ പരിപാടിക്കും മുൻകൂട്ടി നിശ്ചയിച്ച പരസ്യതുകകൾ അടങ്ങുന്ന പരസ്യനിർദ്ദേശപ്രമാണം നിർമ്മിക്കുകയും അവ സേവനദാതാക്കൾക്കു് മുൻകൂട്ടി വിതരണം ചെയ്യുകയും ചെയ്തു. അസ്സോസിയേഷൻ അംഗങ്ങളായവർക്കു് പരസ്യതുകയിൽ കാര്യമായ ഇളവുകൾ ചെയ്തു കൊടുത്തു. ഓരോ പരസ്യദാതാവിന്റേയും വിശദാംശങ്ങൾ വെബ്സൈറ്റിലും ഫേസ്ബുക്കിലും പ്രസിദ്ധപ്പെടുത്തി. പരസ്യദാതാക്കൾക്കു് ലഘുലേഖയുടെ പതിപ്പും നന്ദിപ്രകാശിപ്പിക്കുന്ന കത്തുകളും ഓരോ പരിപാടിക്കു ശേഷവും വിതരണം ചെയ്യുന്നതിൽ പ്രത്യേക ശ്രദ്ധയൂന്നിയതും ഈ കമ്മിറ്റിയുടെ നേട്ടമാണു്. പരസ്യം മൂലം അസ്സോസിയേഷനു കിട്ടിയ വരുമാനത്തിനു പുറമേ, ആകർഷകമായ സേവന വാഗ്ദാനങ്ങൾ വഴി അസ്സോസിയേഷൻ അംഗങ്ങൾക്കു് പണം ലാഭിക്കാനും ഈ പരസ്യങ്ങൾ ഉപകരിച്ചു.

## അംഗത്വം മൂലമുള്ള പ്രയോജനങ്ങൾ

2010-ൽ അസ്സോസിയേഷൻ അംഗത്വത്തിൽ മാത്രമല്ല, അംഗത്വം മൂലമുള്ള പ്രയോജനങ്ങളിലും അഭൂതപൂർവ്വമായ വർദ്ധനവുണ്ടായി. 331 അംഗങ്ങളോടെ അസ്സോസിയേഷൻ ഈ വർഷം ഏറ്റവും കൂടുതൽ അംഗങ്ങളെ ചേർത്തു. ഓണത്തിനും ക്രിസ്മസിനും പതിവിലും കൂടുതൽ അംഗങ്ങൾ പരിപാടികളിൽ പങ്കെടുക്കുകയും ആസ്വാദകരാവുകയും ചെയ്തു. 2010-ൽ അസ്സോസിയേഷൻ സംഘടിപ്പിച്ച എല്ലാ പരിപാടികളിലും പങ്കെടുത്ത അംഗത്വമുള്ള രണ്ടംഗ കുടുംബം, അംഗത്വമില്ലാത്ത കുടുംബത്തെ അപേക്ഷിച്ച് എൺപതിലധികം ഡോളർ ലാഭിച്ചതായി കണക്കുകൾ സൂചിപ്പിക്കുന്നു.

## ഉപസംഹാരം

"നീയൊരു ശത്രുവുമില്ലാത്തോനാണെങ്കിൽ നീ ചെയ്ത കാര്യങ്ങൾ നിസ്സാരങ്ങൾ" എന്നു് കവി ഇടശ്ശേരി പാടിയിട്ടുണ്ടു്. ശത്രുക്കളെ സമ്പാദിക്കാതെ നിസ്സാരങ്ങളല്ലാത്ത പലകാര്യങ്ങളും ചെയ്യുവാൻ പറ്റിയതു് 2010 എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അർപ്പണമനോഭാവവും കൂട്ടായപ്രവർത്തനവും മൂലമാണു്. കൂട്ടുത്തരവാദിത്തത്തിന്റെ ഉത്തമോദാഹരണമായി പ്രവർത്തിക്കാൻ കഴിഞ്ഞതിൽ ഓരോ കമ്മിറ്റിയംഗത്തിനും അങ്ങേയറ്റം അഭിമാനവുമുണ്ടു്. കമ്മിറ്റി അംഗങ്ങളുടെ വിലയേറിയ സമയം സാമൂഹികപ്രവർത്തനങ്ങൾക്കു മാറ്റിവയ്ക്കാൻ അനുവദിക്കുന്നതിൽ അവരുടെ കുടുംബാംഗങ്ങളുടെ പിന്തുണ ബൃഹത്താണു്. കമ്മിറ്റി അംഗങ്ങളുടെ കുടുംബാംഗങ്ങളോടുള്ള നന്ദി രേഖപ്പെടുത്താൻ രണ്ടാലോചിക്കേണ്ടുന്ന ആവശ്യമേയില്ല.

ഓണാഘോഷത്തിനു മാവേലിയായും ക്രിസ്മസ് ആഘോഷത്തിനു സാന്റാക്ലോസായും വേഷമിട്ട സൂരജ് ലാലിനെ നന്ദിയോടെ സ്മരിക്കാതെ വയ്യ. എക്സിക്യൂട്ടീവ് കമ്മിറ്റി അംഗത്തോളം തന്നെ കഠിനാദ്ധ്വാനം ചെയ്ത ദീപേഷ് നായരും പ്രത്യേക പരാമർശത്തിനു് അർഹനാണു്.

കേരളാ അസ്സോസിയേഷനെ മാതൃകാപരമായ പ്രവർത്തനങ്ങളിലൂടെ മുന്നോട്ടു നയിക്കാനായതിൽ ഈ കമ്മിറ്റി അഭിമാനം കൊള്ളുന്നു. എന്നാലും അസ്സോസിയേഷന്റെ വിജയാപജയങ്ങൾ വിലയിരുത്തേണ്ടതു് അംഗങ്ങളാണെന്ന കാര്യം വിസ്മരിക്കുന്നില്ല. ബഹുമാന്യരായ അംഗങ്ങളുടെ പരിഗണനയ്ക്കും അറിവിലേയ്ക്കും വേണ്ടി 2010-ലെ പ്രവർത്തന റിപ്പോർട്ട് ഇതിനാൽ ആദരവോടെ സമർപ്പിച്ചുകൊള്ളുന്നു.

വിശ്വസ്തതയോടെ,<br>
സന്തോഷ് പിള്ള<br>
(സെക്രട്ടറി, കേരളാ അസ്സോസിയേഷൻ ഓഫ് വാഷിങ്ടൻ)<br>
ഫെബ്രുവരി 19, 2011.